# ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ യുദ്ധമുണ്ടായാൽ

**ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ യുദ്ധമുണ്ടായാൽ ഇന്ത്യയിലെ മുസ്ലിംങ്ങളുടെയും പാക്കിസ്ഥാനിലെ ഹിന്ദുക്കളുടെയും മനോഭാവമെന്തായിരിക്കണം എന്നതിനെക്കുറിച്ച് 1947 ഒക്ടോബർ 17-ാം തീയതിയിലെ 'ഹരിജൻ' പത്രത്തിൽ ഗാന്ധിജി എഴുതിയ കുറിപ്പാണിത്. ഇന്നത്തെ അവസരത്തിൽ അതൊന്നുകൂടി വായിച്ചു നോക്കുന്നത് പ്രസക്തമാണല്ലോ.**



ഒരു സുഹൃത്ത് എഴുതുന്നു:

"നമ്മുടെ രണ്ടു രാഷ്ട്രങ്ങളും തമ്മിൽ യുദ്ധമുണ്ടാകാനുള്ള സാദ്ധ്യതയെക്കുറിച്ച് തമാശയായിപ്പോലും ചർച്ച ചെയ്യാതിരിക്കുകയാണ് ഭേദം. പക്ഷേ, യുദ്ധമുണ്ടായാൽ ഇന്ത്യയിലെ മുസ്ലിംങ്ങൾ പാക്കിസ്ഥാനിലെ മുസ്ലിംങ്ങൾക്കെതിരേ പോരാടണമെന്നുപോലും നിങ്ങൾ അഭിപ്രായപ്പെട്ടു. ഹിന്ദുക്കളും മറ്റു മുസ്ലിം- ഇതര സമുദായക്കാരും ഇതുതന്നെ ചെയ്യണമെന്നല്ലേ അതിന്റെ അർത്ഥം. വർഗ്ഗീയ പ്രശ്നം മൂലം ഇത്തരമൊരു യുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ ഇന്ത്യയിലെ മുസ്ലിംങ്ങളും പാക്കിസ്ഥാനിലെ മുസ്ലിംങ്ങളുമായും അതുപോലെ അവിടുത്തെ ഹിന്ദുക്കളും സിക്കുകാരും ഇവിടെയുള്ളവരുമായും 'ഏറ്റുമുട്ടാൻ ഒരു യുക്തിയും പ്രേരിപ്പിക്കുമെന്നു തോന്നുന്നില്ല. പക്ഷേ, വർഗ്ഗീയ പ്രശ്നത്താലല്ലാതെ രണ്ടു രാഷ്ട്രങ്ങളും തമ്മിൽ യുദ്ധമുണ്ടായാൽ പാക്കിസ്ഥാനിലെ ഹിന്ദുക്കളും ഇന്ത്യയിലെ മുസ്ലിംങ്ങളും പാക്കിസ്ഥാനെതിരായി പോരാടണമെന്ന് നിങ്ങൾ സമർത്ഥിക്കുകയില്ല".

ഇരു രാഷ്ട്രങ്ങളും തമ്മിൽ യുദ്ധം ഉണ്ടാകാനുള്ള സാദ്ധ്യതയെപ്പറ്റി നേരം പോക്കിനായി പോലും ചർച്ച ചെയ്തു കൂടായെന്നത് സത്യമാണെന്നതിൽ സംശയമില്ല. 'പോലും' എന്ന ക്രിയാവിശേഷണം ഇവിടെ ചേർന്നതല്ല. കാരണം യുദ്ധത്തിനുള്ള സാദ്ധ്യത യഥാർത്ഥമാണെങ്കിൽ അതു ചർച്ച ചെയ്യേണ്ടത് ഒരു ഉത്തരവാദിത്തമാണ്. അതു ചെയ്യാതിരിക്കുന്നത് അവിവേകമായേക്കാം.

ഭാരതത്തിലെ മുസ്ലിംങ്ങൾക്ക് ബാധകമാകുന്ന നിയമം അതേ സാഹചര്യത്തിൽ പാക്കിസ്ഥാനിലെ ഹിന്ദുക്കൾക്കും മറ്റു മുസ്ലിം ഇതര വിഭാഗങ്ങൾക്കും ബാധകമാകേണ്ടതാണെന്നാണ് എന്റെ ദൃഢമായ അഭിപ്രായം. ഈ അഭിപ്രായം പ്രാർത്ഥനയ്ക്കു ശേഷമുള്ള പ്രഭാഷണങ്ങളിലും ഇവിടത്തെ സുഹൃത്തുക്കളുമായുള്ള സംഭാഷണങ്ങളിലും ഞാൻ പ്രകടിപ്പിച്ചിട്ടുണ്ട്.

തീർച്ചയായും ഈ അഭിപ്രായത്തിനു പിന്നിൽ ഒരു വിചാരധാര തന്നെയുണ്ട്. ആവശ്യാനുസരണം ഉണർത്താവുന്നതല്ല രാജ്യഭക്തി. സാഹചര്യങ്ങൾ നീതീകരിക്കുന്നില്ലെങ്കിൽ കൂറ് നേടിയെടുക്കുക അസാദ്ധ്യമാണെന്നുതന്നെ പറയാം. കലർപ്പില്ലാത്ത രാജ്യഭക്തിയിൽ വിശ്വാസമില്ലാത്തതുകൊണ്ട് എന്റെ അഭിപ്രായം ചിരിച്ചുതള്ളുന്ന വലിയൊരു വിഭാഗം ജനങ്ങളുണ്ട്. ഇങ്ങനെയൊരു സാദ്ധ്യതയുണ്ടെന്നു വിചാരിക്കുന്നതിൽ നിശ്ചയമായും പരിഹസിക്കേണ്ടതായൊന്നുമില്ല. പാക്കിസ്ഥാനിലെ മുസ്ലിംങ്ങളുമായി പോരാടുക എന്നതു തങ്ങളുടെ കർത്തവ്യമാണെന്ന് ബോധ്യമാകുമ്പോൾ ഇന്ത്യയിലെ മുസ്ലിംങ്ങൾ അവരെ എതിരിടും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഭാരതത്തിൽ തങ്ങൾക്കു ന്യായമായ പരിഗണന ലഭിക്കുന്നുവെന്നും പാക്കിസ്ഥാനിലെ മുസ്ലിം-ഇതര സമുദായക്കാർക്ക് ഇതേ പരിചരണം ലഭിക്കുന്നില്ലെന്നും വ്യക്തമാകുമ്പോഴേ ഇതുണ്ടാകൂ. അങ്ങനെയൊരവസ്ഥ സാധ്യമായിക്കൂടെന്നില്ല.

അതുപോലെത്തന്നെ മുസ്ലിംങ്ങൾ തങ്ങളോട് മര്യാദയോടെ പെരുമാറുന്നുവെന്നും അവിടെ സുരക്ഷിതമായി താമസിക്കാമെന്നും പാക്കിസ്ഥാനിലെ മുസ്ലിംങ്ങളല്ലാത്തവർക്ക് വ്യക്തമായി അനുഭവപ്പെടുകയും അതേസമയം ഭാരതത്തിലെ ഹിന്ദുക്കൾ ന്യൂനപക്ഷങ്ങളോട് അപമര്യാദ കാട്ടുന്നുവെന്നുമിരിക്കട്ടെ, പാക്കിസ്ഥാനിലെ ന്യൂനപക്ഷം സ്വാഭാവികമായും ഏറ്റുമുട്ടും. അപ്പോൾ ന്യൂനപക്ഷങ്ങളെ തങ്ങളുടെ കർത്തവ്യം ചെയ്യാൻ പ്രേരിപ്പിക്കുന്നതിന് യുക്തിയുടെയൊന്നും ആവശ്യമില്ല.

രാജ്യം രണ്ടായി വിഭജിക്കപ്പെട്ടുവെന്നതു നമ്മുടെ ദൗർഭാഗ്യമാണ്. വിഭജനം സ്പഷ്ടമായും മതപരമായ പിളർപ്പ് മൂലമായിരുന്നു. സാമ്പത്തികവും മറ്റുമായ കാരണങ്ങളുണ്ടായിരുന്നിരിക്കാം. അവയ്ക്കൊന്നും പിളർപ്പ് സൃഷ്ടിക്കാനാവുമായിരുന്നില്ല. അന്തരീക്ഷം വിഷമയമായതു വർഗ്ഗീയ പ്രശ്നത്തിൽനിന്നാണ്. മതാഭാസം മതവിശ്വാസത്തിന്റെ വേഷം കെട്ടുന്നു. വർഗ്ഗീയപ്രശ്നമില്ലായിരുന്നുവെങ്കിൽ നന്നായിരുന്നുവെന്നു പറയുന്നതു കേൾക്കാൻ സുഖമുണ്ട്. പക്ഷേ, യാഥാർത്ഥ്യത്തെ എങ്ങനെ ഇല്ലാതാക്കും?

യുദ്ധമുണ്ടായാൽ ഭാരതത്തിലെ മുസ്ലിംങ്ങൾ പാക്കിസ്ഥാനിലെ മുസ്ലിംങ്ങളുമായും ഹിന്ദുക്കൾ പാക്കിസ്ഥാനിലെ ഹിന്ദുക്കളുമായും ഏറ്റുമുട്ടുമോ എന്ന് ആവർത്തിച്ചു ചോദിക്കപ്പെട്ടിട്ടുണ്ട്. യുദ്ധം എത്രമാത്രം അസംഭവ്യമായി ഇപ്പോൾ തോന്നിയാലും അങ്ങനെ കരുതുന്നതിൽ സ്വതവേ അസാദ്ധ്യമായൊന്നുമില്ല. രാജ്യഭക്തി എന്ന നാട്യം വിശ്വസിക്കുകയും വിശ്വസിക്കുന്നതു കൊണ്ടുണ്ടാകുന്ന അനർത്ഥങ്ങൾ ധൈര്യത്തോടെ നേരിടുകയും ചെയ്യുന്നതിനേക്കാൾ അപകടസാദ്ധ്യതയുള്ളത് എല്ലാ കാലത്തും അത് അവിശ്വസിക്കുന്നതിലാണ്. ഈ ചോദ്യം കുറേക്കൂടി തെളിച്ച് ഇങ്ങനെ ചോദിക്കാം.

**സത്യത്തിനും നീതിക്കും വേണ്ടി ഹിന്ദുക്കളും മുസ്ലിംങ്ങളും എന്നെങ്കിലും സ്വന്തം സമുദായക്കാരുമായി പോരാടുമോ? ചരിത്രം ഇത്തരത്തിലുള്ള ഉദാഹരണങ്ങൾ നല്കുന്നില്ലേ എന്ന മറുചോദ്യം കൊണ്ട് ഇതിന് ഉത്തരം നല്കാം.**

**സത്യത്തിനു വില ഇടിഞ്ഞിരിക്കുന്നുവെന്നതാണ് ഈ കടങ്കഥയ്ക്ക് ഉത്തരം കാണുന്നതിലെ ഏറ്റവും വലിയ വിഘാതം. സത്യം ജയിക്കുമെന്ന വിശ്വാസത്തിൽ ഉറച്ചു നില്ക്കുന്ന ചിലരെങ്കിലും ഈ സർവ്വനാശത്തിനിടയിലും ഉണ്ട് എന്നു നമുക്ക് പ്രത്യാശിക്കാം.**

**(അവലംബം: ഹരിജൻ. 17-10-1947)**
**കടപ്പാട്: ഗാന്ധി എന്ന പത്രപ്രവർത്തകൻ,**
**പൂർണോദയ ബുക്സ്,**
**കൊച്ചി- 18.**